പതിനാലാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 147 8-6-2018 ലെ മറുപടിക്ക്

<u>കേന്ദ്ര നയത്തിൽ കേരളത്തിലെ കാർഷിക വിളകൾക്ക് പ്രാധാന്യം നൽകാത്ത സാഹചര്യം</u>

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. സി.കെ.നാണു<br>" കെ.കൃഷ്ണൻകുട്ടി<br>" കോവൂർ കുഞ്ഞുമോൻ<br>" കെ.ബി.ഗണേഷ് കുമാർ | ശ്രീ. വി.എസ്. സുനിൽകുമാർ<br>കൃഷിവകുപ്പ് മന്ത്രി |
| (എ) കാർഷിക ഉല്പന്നങ്ങളുടെ കയറ്റുമതി പ്രോത്സാഹിപ്പിക്കാനുള്ള കരട് നയത്തിൽ കേരളത്തിലെ പ്രധാന വിളകളായ റബ്ബർ, കാപ്പി, തേയില, കുരുമുളക്, ഏലം, വാഴപ്പഴം, കശുവണ്ടി, സമുദ്രോല്പന്നങ്ങൾ എന്നിവ ഉൾപ്പെടുത്താതിരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ഉണ്ട് |
| (ബി) ഈ വിഷയം കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽ കൊണ്ടുവരാൻ എന്ത് നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കാമോ; | (ബി) &(സി) കേന്ദ്ര സർക്കാർ പുറത്തിറക്കിയ കരട് കാർഷിക കയറ്റുമതി നയത്തിൽ കേരളത്തിന് പ്രാധാന്യമുള്ള പല ഉല്പന്നങ്ങൾക്കും ക്ലസ്റ്ററുകൾ അനുവദിച്ചിട്ടില്ലായെന്ന കാര്യം 09-05-2018 ൽ കൂടിയ മന്ത്രിസഭായോഗം ചർച്ച ചെയ്തതിന്റെ അടിസ്ഥാനത്തിൽ റബ്ബർ ക്ലസ്റ്ററിൽ കോട്ടയം, പത്തനംതിട്ട, എറണാകുളം, കണ്ണൂർ ജില്ലകളെയും |

| | |
|---|---|
| | വാഴപ്പഴം ക്ലസ്റ്ററിൽ തൃശ്ശൂർ വയനാട്, തിരുവനന്തപുരം ജില്ലകളെയും മാങ്ങയുടെ ക്ലസ്റ്ററിൽ വയനാടിനെയും മഞ്ഞളിന്റെ ക്ലസ്റ്ററിൽ വയനാട്, ആലപ്പുഴ ജില്ലകളെയും ഉൾപ്പെടുത്തണമെന്നും കേന്ദ്ര സർക്കാരിന്റെ കരട് കാർഷിക കയറ്റുമതി നയത്തിൽ ഒരു ക്ലസ്റ്ററിലും ഉൾപ്പെടുത്താത്തതും കേരളത്തിലും അന്താരാഷ്ട്ര വിപണികളിലും പ്രാധാന്യമുള്ളതുമായ കശുവണ്ടി ക്ലസ്റ്ററിൽ കാസർഗോഡും കണ്ണൂരും കുരുമുളക് ക്ലസ്റ്ററിൽ വയനാട് ജില്ലയും നാളികേരം ക്ലസ്റ്ററിൽ കോഴിക്കോട് ജില്ലയും തേയില, ഏലം എന്നിവയുടെ ക്ലസ്റ്ററിൽ ഇടുക്കി ജില്ലയേയും ഉൾപ്പെടുത്തണമെന്ന് കേന്ദ്ര വാണിജ്യ സെക്രട്ടറിയ്ക്ക് ചീഫ് സെക്രട്ടറി കത്ത് നൽകിട്ടുണ്ട് |
| (സി) ഇത് സംബന്ധിച്ച വിശദാംശം ലഭ്യമാക്കാമോ? | |

അണ്ടർ സെക്രട്ടറി